ദുരിതാശ്വസ ഫണ്ടിൽ നിന്നും റോഡുകളുടെയും മരാമത്തു പണികളുടെയും നടത്തിപ്പിനായി ചെലവഴിച്ച തുക

29 [2918] ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ജൂൺ മുതൽ ഇതുവരെ പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസ ഫണ്ടിൽ നിന്ന് പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച റോഡുകളുടെയും, മറ്റ് മരാമത്ത് പണികളുടെയും പണി നടത്തുന്നതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഓരോ നിയോജക മണ്ഡലത്തിലും ഈ കാലത്ത് ഈയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് കാണിക്കുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2001 ജൂൺ മുതൽ റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ജില്ലാകളക്ടർമാർക്ക് അനുവദിച്ച തുക താഴെക്കാണും പ്രകാരമാണ്:

2001 ജൂൺ മുതൽ 2002 മാർച്ച് വരെ	..	30.73 കോടി രൂപ.
2002-2003	..	42.43 കോടി രൂപ.
2003-2004	..	46.74 കോടി രൂപ.
2004-2005 (10-3-2005 വരെ)	..	33.46 കോടി രൂപ.

(ബി) ജില്ലാ അടിസ്ഥാനത്തിലാണ് ചെലവിന്റെ കണക്ക് സൂക്ഷിക്കുന്നത്.

റവന്യൂ ടവറുകൾ

30 [2919] ശ്രീ. തോമസ് ചാഴികാടൻ :
,, കെ. നാരായണക്കുറുപ്പ് :
,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതൊക്കെ സ്ഥലങ്ങളിൽ റവന്യൂ ടവറുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇങ്ങനെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ടവറുകൾ പൂർണ്ണമായും സർക്കാർ ഓഫീസുകൾക്ക് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിന് തടസ്സമായി നിൽക്കുന്ന സംഗതികൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ;

(ഡി) വലിയ തുക വാടക നൽകി പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ റവന്യൂ ടവറിലേക്ക് മാറ്റുന്നതിനോ അല്ലെങ്കിൽ സ്വന്തം കെട്ടിടം നിർമ്മിച്ചു നൽകുന്നതിനോ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ അടൂർ, തിരുവല്ല, ചങ്ങനാശ്ശേരി, കോതമംഗലം എന്നീ സ്ഥലങ്ങളിൽ റവന്യൂ ടവർ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം, നെടുമങ്ങാട് എന്നീ സ്ഥലങ്ങളിൽ റവന്യൂ ടവറിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

(ബി) പൂർണ്ണമായി നൽകിയിട്ടില്ല. അടൂർ, തിരുവ[illegible]ശ്ശേരി, കോതമംഗലം എന്നിവിടങ്ങളിലുള്ള റവന്യൂ ടവറുക[illegible]കൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്.

(സി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

(ഡി) സ്ഥലസൗകര്യം അനുസരിച്ച് സർക്കാർ ഓഫീസുകൾ റവന്യൂ ടവറുകളിലേക്ക് മാറ്റിവരുന്നുണ്ട്.

പാലക്കുഴി വനമേഖലയിലെ താമസക്കാർക്ക് പട്ടയം

31 [2920] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി-പാലക്കുഴി വനമേഖലയിൽ കഴിഞ്ഞ 25-ലധികം വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പാലക്കുഴി വനമേഖലയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) ഈ മേഖലയിൽ ആകെ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇവരിൽ എത്രയാൾക്കാർ പട്ടയത്തിനായി അപേക്ഷ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly